# ബഹുഭാര്യത്വം: മതം കൽപ്പിച്ചതും സംവാദകർ പറയുന്നതും

■ കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാർ

**സ്ത്രീ**സ്വാതന്ത്ര്യത്തിനും അവകാശസംരക്ഷണത്തിനും വേണ്ടിയുള്ള മുറവിളികൾ ഉയരാൻ തുടങ്ങിയിട്ട് കാലങ്ങളായി. സ്ത്രീകളുടെ വ്യക്തിപരവും സാമൂഹികവുമായ പരിരക്ഷയല്ല ഇത്തരം അനർഥമായ വിലാപങ്ങൾക്ക് പിന്നിലുള്ളത്. സംവാദങ്ങളിൽ നിരന്തരം സാന്നിധ്യമുണ്ടാവണമെന്ന ചിലരുടെ ദുഷ്ടബുദ്ധിയാണ്.

എവിടെയാണ് പിഴച്ചത്? ഏതു നിയമസംഹിതയാണ് സ്ത്രീസുരക്ഷിതത്വത്തിനും സ്വാതന്ത്ര്യത്തിനും ഇനി അവലംബിക്കേണ്ടത്. സ്ത്രീസ്വാതന്ത്ര്യമെന്നാൽ എന്താണ് വിവക്ഷിക്കേണ്ടത്? എങ്ങനെയാണതിനു സാർഥകമായ ഒരു പ്ലാറ്റ്ഫോം രൂപീകരിക്കേണ്ടത്? ഈ ചോദ്യങ്ങൾ വിവിധ വേദികളിലും മാധ്യമങ്ങളിലും ഉയരുന്നുണ്ട്.

സ്ത്രീസ്വാതന്ത്ര്യത്തിന്റെ ദുരന്തചിത്രങ്ങൾ അയവിറക്കി പ്രേക്ഷകഹൃദയങ്ങൾക്കു മുന്നിൽ ശൗര്യം കാണിക്കുന്നവർ, ഏതു നിയമമാണ്, വ്യവസ്ഥയാണ് സ്ത്രീകൾക്കഭികാമ്യം എന്നു തീർത്തു പറയാൻ തയ്യാറാവുന്നില്ല. എന്നുമാത്രമല്ല, സ്വജീവിതത്തിൽ തങ്ങളുന്നയിക്കുന്ന വാദം എത്രകണ്ട് പ്രായോഗികമാണെന്നും വെളിപ്പെടുത്തുന്നില്ല.

ഹിന്ദുമതം, ക്രിസ്തുമതം, ഇസ്‌ലാം മതം തുടങ്ങിയ മതങ്ങൾ സ്ത്രീയെക്കുറിച്ച് വിശദമായോ അൽപമായോ പരാമർശിക്കുന്നുണ്ട്. മകൾ, ഭാര്യ, മാതാവ് എന്നീ തലങ്ങളിൽ സ്ത്രീ പാലിക്കേണ്ട നിയമ-നിർദേശവിധിവിലക്കുകളും ചില മത ഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മതങ്ങൾ സ്ത്രീകൾക്ക് നൽകുന്ന വ്യക്തിപരമായ സുരക്ഷയും സ്വാതന്ത്ര്യവും സാമൂഹികജീവിതത്തിൽ ഏതെല്ലാം നിലയ്ക്കാണ് അടയാളപ്പെട്ടുകിടക്കുന്നതെന്നു ചിന്തിക്കാതെ, സ്ത്രീകളെ കൂടുതൽ അരക്ഷിതാവസ്ഥയിലേക്ക് നയിക്കാനാണ് മിക്ക സംവാദകരും വിമർശകരും ശ്രമിക്കുന്നത്. സ്ത്രീസമത്വസ്വാതന്ത്ര്യവാദികൾ ആവശ്യപ്പെടുന്ന തരത്തിലുള്ള സ്വാതന്ത്ര്യം ലഭിച്ച നാടുകളിൽനിന്ന് സ്ത്രീപീഡനത്തിന്റെ ഞെട്ടിക്കുന്ന കഥകളാണ് പുറത്തുവരുന്നത്. സ്വാതന്ത്ര്യത്തിന്റെയും അവകാശങ്ങളുടെയും പേരിൽ സ്ത്രീകളെ തെരുവിലേക്ക് വലിച്ചിഴയ്ക്കുന്നവർ വീടിനുപുറത്ത് സ്ത്രീകളനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകളെ ബോധപൂർവം വിസ്മരിക്കുകയാണ്.

ലൈംഗികകേളികൾക്കുവേണ്ടി മാത്രം സ്ത്രീകളെ വിനിയോഗിച്ചിരുന്ന പ്രാകൃതസംസ്കാരത്തിൽനിന്നു മോചനം ലഭിക്കാത്ത ഒരു സമൂഹമധ്യേനിന്നാണ് സ്ത്രീസ്വാതന്ത്ര്യത്തിന്റെ വർണകഥകൾ വിസ്തരിച്ചുപറയുന്നതെന്നുകൂടി സംവാദപ്രേമികൾ ഓർത്തിരിക്കണം. അവിടെ ജോലിസ്ഥലങ്ങളിലും പഠനകേന്ദ്രങ്ങളിലും സ്വന്തം വീടുകളിൽ പോലും സ്ത്രീകൾ പുരുഷനാൽ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മതമോ ദർശനങ്ങളോ അല്ല, ഇതിനു കാരണവും നിമിത്തവും. മറിച്ച് ഭൗതികവാദങ്ങളുടെ നയവൈകല്യവും വൈരുധ്യങ്ങളുമാണ്.

സ്ത്രീയുടെ സ്വത്വം നിലനിർത്തി അവളെ ചൂഷണത്തിൽനിന്നു സംരക്ഷിക്കുന്ന നിയമങ്ങളാണ് ഇസ്‌ലാം നടപ്പിൽവരുത്തിയത്. സമൂഹത്തിന്റെ സ്നേഹവും പരിചരണവും ലഭിക്കേണ്ടവളാണ് സ്ത്രീ എന്ന് മുഹമ്മദ് നബി(സ) പഠിപ്പിച്ചു. മാന്യവും സ്നേഹാർദ്രവുമായ സമീപനം സ്ത്രീകളോട് കൈക്കൊള്ളണമെന്ന് ഇസ്‌ലാം നിഷ്കർഷിച്ചു.

ഖുർആൻ പഠിപ്പിക്കുന്നു: ''നിങ്ങൾ നിർവൃതികൊള്ളാൻ നിങ്ങളിൽനിന്നുതന്നെ ഇണയെ സൃഷ്ടിച്ചത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. നിങ്ങൾക്കിടയിൽ അവൻ സ്നേഹവും കരുണയും സൃഷ്ടിച്ചു ചിന്തിക്കുന്നവർക്കിതിൽ ഗുണപാഠമുണ്ട്.''

സ്ത്രീകളെ സംരക്ഷിക്കുന്നതിനോടൊപ്പം അവർക്ക് സമൂഹത്തിൽ സമുന്നതപദവിയും പരിഗണനയും ഇസ്‌ലാം നൽകുന്നു. അപരിഷ്കൃതവും പ്രാകൃതവുമായ നയസമീപനമായിരുന്നു ഇസ്‌ലാമിന്റെ ആഗമനത്തിനുമുമ്പ് പലയിടത്തും സ്ത്രീകൾക്കുനേരെ കൈയാളിയിരുന്നത്. സ്ത്രീക്ക് ഹൃദയമുണ്ടോ എന്നുപോലും സംശയിച്ചിരുന്ന സിദ്ധാന്തങ്ങൾക്കും സമൂഹങ്ങൾക്കും മധ്യേയാണ് 'സ്ത്രീ' സമൂഹത്തിന്റെ അർധവിഭാഗമാണെന്നും അവളുടെ പാദത്തിനു കീഴിൽ സ്വർഗമുണ്ടെന്നും പ്രഖ്യാപിച്ച് ഇസ്‌ലാം സ്ത്രീസമൂഹത്തെ ബഹുമാനിച്ചത്; അവർക്ക് സമൂഹത്തിൽ അർഹമായ സ്വാതന്ത്ര്യവും അവകാശവും നൽകിയത്. വിദ്യ അഭ്യസിക്കൽ സ്ത്രീകൾക്കും പുരുഷന്മാർക്കും മതബാധ്യതയാണെന്നു കൽപ്പിച്ചതിലൂടെ സ്ത്രീസമൂഹത്തെ പുരുഷനൊപ്പം പരിരക്ഷ നൽകുകയാണ് മുഹമ്മദ് നബി(സ) ചെയ്തത്.

ഒരു സ്ത്രീ വിവാഹിതയാകുമ്പോഴാണ് അവളുടെ സ്വത്വം പരിരക്ഷിക്കപ്പെടുന്നത്. മാതാപിതാക്കളാലും സഹോദരങ്ങളാലും പിന്നെ ഭർത്താവിനാലും നയിക്കപ്പെടേണ്ടവളാണ് സ്ത്രീയെന്നും അവളുടെ പൂർണ സംരക്ഷണം പിന്നീട് ഭർത്താവിൽ നിക്ഷിപ്തമാണെന്നും ഇസ്‌ലാം നിർദേശിച്ചു. സ്ത്രീയെ വിവാഹം കഴിക്കുമ്പോൾ അവൾക്ക് വിവാഹമൂല്യം (മഹ്ർ) നൽകണമെന്നും സുഖസൗകര്യങ്ങൾ നൽകുന്നതിൽ കണിശത പുലർത്തണമെന്നും നിഷ്കർഷിച്ചു.

ഇസ്‌ലാമിലെ വൈവാഹിക നിയമങ്ങൾ സ്ത്രീകളുടെ രക്ഷയ്ക്കാണ് പ്രാധാന്യം നൽകുന്നത്. ഒന്നിലധികം സ്ത്രീകളെ വേണമെങ്കിൽ വിവാഹംചെയ്യാമെന്ന ഖുർആനിക താത്പര്യം ആധുനിക സമൂഹത്തിന്റെ സാംസ്കാരികാഭ്യുന്നതിയും ധർമബോധവും ലക്ഷ്യംവെച്ചാണ്. അത്യാവശ്യഘട്ടങ്ങളിൽ തീർത്തും അനിവാര്യമായ സാഹചര്യത്തിലാണ് ഒന്നിലധികം ഭാര്യമാരെ വേൾക്കാൻ ഇസ്‌ലാം അനുമതി നൽകുന്നത്. പത്നിമാർക്കിടയിൽ കണിശമായ രീതിയിൽ നീതിയും തുല്യതയും പാലിക്കാനും പുലർത്താനും കഴിയണമെന്ന നിബന്ധനകളോടെയാണ് അനുമതി നൽകിയത്.

**ഇസ്‌ലാമിലെ വൈവാഹിക നിയമങ്ങൾ സ്ത്രീകളുടെ രക്ഷയ്ക്കാണ് പ്രാധാന്യം നൽകുന്നത്. ഒന്നിലധികം സ്ത്രീകളെ വേണമെങ്കിൽ വിവാഹംചെയ്യാമെന്ന ഖുർആനിക താത്പര്യം ആധുനിക സമൂഹത്തിന്റെ സാംസ്കാരികാഭ്യുന്നതിയും ധർമബോധവും ലക്ഷ്യംവെച്ചാണ്**

●

**രണ്ടോ, മൂന്നോ, നാലോ പരമാവധി നാലുവരെ സ്ത്രീകളെ വിവാഹം ചെയ്യാം. ഇത് നിർബന്ധ കല്പനയോ പ്രേരണയോ അല്ല. ഒരു തുറന്ന അനുവാദം മാത്രം. നീതി പാലിക്കാൻ കഴിയുമെന്ന് തോന്നുന്നില്ലെങ്കിൽ ഈ അനുവാദം ഇസ്‌ലാം നിരാകരിക്കുന്നു**

രണ്ടോ, മൂന്നോ, നാലോ പരമാവധി നാലുവരെ സ്ത്രീകളെ വിവാഹം ചെയ്യാം. ഇത് നിർബന്ധ കല്പനയോ പ്രേരണയോ അല്ല. ഒരു തുറന്ന അനുവാദം മാത്രം. നീതി പാലിക്കാൻ കഴിയുമെന്ന് തോന്നുന്നില്ലെങ്കിൽ ഈ അനുവാദം ഇസ്‌ലാം നിരാകരിക്കുന്നു.

ഇസ്‌ലാം അനുവദിച്ച ബഹുഭാര്യത്വം നിയന്ത്രിതമാണ്. പല നിബന്ധനകളും മതം അതിനു നിശ്ചയിച്ചിട്ടുണ്ട്. പല കാരണങ്ങൾ ബഹുഭാര്യത്വത്തിലേക്ക് പുരുഷനെ നയിക്കുന്നുണ്ട്. സ്ത്രീയുടെയും പുരുഷന്റെയും പ്രകൃത്യാലുള്ള അവസ്ഥകൾ ഇതിനു മതിയായ തെളിവാണ്. ഇസ്‌ലാമിന്റെ കർമശാസ്ത്രഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ള കാരണങ്ങളാണ് ബഹുഭാര്യത്വത്തെക്കുറിച്ച് ഞാൻ അഭിപ്രായപ്പെട്ടത്. ഞാൻ തുറന്നുപറഞ്ഞ നിരവധി കാരണങ്ങളിൽനിന്ന് അപ്രസക്തമായ ചില ഭാഗങ്ങൾ പൊക്കിപ്പിടിച്ചാണ് ഇതിനെതിരെ പലരും രംഗത്തിറങ്ങിയത്.

ഇസ്‌ലാമിന്റെ നിയമങ്ങളെ വിലയിരുത്തുമ്പോൾ ഒന്നാമതായി ശ്രദ്ധിക്കേണ്ടത് അത് അല്ലാഹുവിന്റെ നിയമങ്ങളാകുന്നു എന്നതാണ്. ആരുടെയും സ്വാർഥതാത്പര്യങ്ങൾ സംരക്ഷിക്കാൻ ഉണ്ടാക്കിയ നിയമങ്ങളല്ല അത്. പുരുഷന്മാർക്കോ സ്ത്രീകൾക്കോ അല്ലെങ്കിൽ ഭരണകർത്താക്കൾക്കോ, മതസംഘടനകൾക്കോ ആ നിയമ നിർമാണത്തിൽ യാതൊരു പങ്കുമില്ല. ഇസ്‌ലാമിന്റെ പ്രവാചകൻ മുഹമ്മദ്(സ) പോലും ഇസ്‌ലാമിക വിധികൾ പറഞ്ഞത് അല്ലാഹുവിന്റെ ബോധനം (വഹ്‌യ്) അനുസരിച്ചുമാത്രമാണ്. മനുഷ്യന്റെ മൊത്തം സുരക്ഷയും പുരോഗതിയുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

ദൈവിക നിയമങ്ങളാവട്ടെ സൃഷ്ടിജാലങ്ങളുടെ മുഴുവൻ പരിമിതികളും പ്രശ്നങ്ങളും സ്ഥിതിഗതികളും അറിയാവുന്ന പരമകാരുണികനായ സ്രഷ്ടാവിന്റെ നിയമങ്ങളാണ്. ഇസ്‌ലാം മനുഷ്യരാശിയുടെ ജീവിതപന്ഥാവായി അല്ലാഹു സങ്കല്പിച്ചതിന്റെ ലക്ഷ്യം മനുഷ്യസമൂഹത്തോടുള്ള കാരുണ്യവും ദയാവായ്പുമാണ്. പുരുഷനോടും സ്ത്രീയോടും സ്രഷ്ടാവ് കാരുണ്യം കാട്ടുന്നു. പ്രകൃത്യാ ദൗർബല്യങ്ങളുള്ള സ്ത്രീയോട് പലവിധത്തിലാണ് പ്രസ്തുത കാരുണ്യം. അവളുടെ സംരക്ഷണം പുരുഷനെ ഏല്പിച്ചു. കനത്ത ബാധ്യതകളിൽനിന്നു മുക്തയാക്കി. പുരുഷനോടും സ്രഷ്ടാവ് ദയാപരനാണ്. അവന്റെ ഉജ്ജ്വലവ്യക്തിത്വം പരിരക്ഷിക്കാനാവശ്യമായ അധികാരങ്ങളും സൗകര്യങ്ങളും നൽകി. പുരുഷനോടും സ്ത്രീയോടും അവർ രണ്ടുകൂട്ടരും ചേർന്നുണ്ടാകുന്ന മനുഷ്യസമൂഹത്തോടൊട്ടാകെയും അല്ലാഹു ചെയ്ത മഹത്തായ ഒരു കാരുണ്യത്തിന്റെ ഫലമാണ് നിയന്ത്രിതമായ ബഹുഭാര്യത്വം.

പുരുഷന്റെയും സ്ത്രീയുടെയും പ്രകൃതിപരവും ശാരീരികവും മാനസികവുമായ ബഹുവിധ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അവരുടെ സ്വാസ്ഥ്യത്തിനും സമൂഹത്തിന്റെ ശാന്തിപൂർണമായ പുരോഗതിക്കും ഭദ്രതയ്ക്കും അതാവശ്യമാണ്.

സ്ത്രീപുരുഷൻമാരുടെ ജീവിതപൂർത്തീകരണത്തിനുള്ള ഉപാധിയാണ് വിവാഹം. ഒന്നിലധികം സ്ത്രീകളെ വേൾക്കുന്നത് പുരുഷൻ അഭിമുഖീകരിക്കുന്ന സാഹചര്യത്തിന്റെയും പ്രശ്നസങ്കീർണതയുടെയും അടിസ്ഥാനത്തിൽ മാത്രമാണ്.

ഏതുസാഹചര്യത്തിലും ആജീവനാന്തം ഒരു ഭാര്യമാത്രമേ പാടുള്ളൂ എന്ന് അനുശാസിച്ചാൽ അത് പുരുഷനോടെന്നപോലെ സ്ത്രീയോടും ചെയ്യുന്ന കൊടുംദ്രോഹമായിരിക്കും. ഒരു സ്ത്രീ വിവാഹമോചനം ചെയ്യപ്പെടുന്നു, അല്ലെങ്കിൽ സ്വയം വിവാഹമോചനം നേടുന്നു. അല്ലെങ്കിൽ വിധവയാകുന്നു. മറ്റൊരു പുരുഷനെ വേൾക്കണമെങ്കിൽ അവൾ ആയാളുടെ ആദ്യഭാര്യയാവുന്നതിനെക്കാൾ സാധ്യത രണ്ടാം ഭാര്യയോ മൂന്നാം ഭാര്യയോ ആവുന്നതാണ്. പുരുഷന് രണ്ടാം വിവാഹം പാടില്ലെങ്കിൽ, അഥവാ ഭാര്യയെ ഒരു കാരണവശാലും ഉപേക്ഷിക്കാൻ പാടില്ലെങ്കിൽ, സ്വയം വിവാഹമോചനം നേടിയ സ്ത്രീക്ക് എങ്ങനെ പുതിയൊരു ഭർത്താവിനെ കിട്ടും?

ദാമ്പത്യജീവിതം നയിക്കാൻ കഴിയാത്തവണ്ണം ഭാര്യ രോഗിണിയോ വന്ധ്യയോ ആവുന്ന സന്ദർഭങ്ങളുണ്ടാകുന്നു. അവളെ മാത്രം നിലനിർത്തി ഭർത്താവ് മരണം വരെ തീ തിന്നണമെന്നു പറയുന്നത് നീതിയാണോ? എങ്കിൽ ആ ദാമ്പത്യം ഒരു ദുരന്തനാടകമായിരിക്കും. വിധവ ഒരു പുരുഷന്റെ രണ്ടാം വിവാഹത്തിലൂടെയെങ്കിലും ജീവിതത്തിലേക്ക് കടന്നുവരുന്നതല്ലേ യുക്തിസഹം. നിയന്ത്രിത ബഹുഭാര്യത്വമാണോ, അന്തസ്സോടെ ചില ഘട്ടങ്ങളിൽ രണ്ടാം ഭാര്യയായി കഴിയേണ്ടിവരുന്നതും ഗതിയില്ലാതെ വിധവ ആത്മഹത്യ ചെയ്യുന്നതും തമ്മിൽ ഏതാണ് കരണീയം?

പുരുഷന്മാരെക്കാൾ സ്ത്രീകളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്ന പല ഘട്ടങ്ങളുണ്ട്. രണ്ടാം ലോകയുദ്ധത്തെ തുടർന്ന് ജർമനിയിലും മറ്റും ഈ പ്രതിഭാസം കണ്ടതാണ്. എട്ടുവർഷം നീണ്ട ഗൾഫ് യുദ്ധത്തിന്റെ ഫലമായി ഇറാനിലും ഇറാഖിലും പത്തു ലക്ഷത്തോളം ആണുങ്ങൾ മരിച്ചൊടുങ്ങി. ഏതാണ്ട് അത്ര തന്നെ വനിതകൾ വിധവകളായെന്നു ചുരുക്കം. ഇറാനിലും ഇറാഖിലും അത് സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിച്ചു.

ഇത്തരമൊരു പരിതസ്ഥിതിയിൽ, പണ്ട് ജർമനിയിലുണ്ടായതുപോലെ 'ഈവനിങ് ഗസ്റ്റുകളെ' ആവശ്യമുണ്ടെന്ന് വീടിന്റെ ഗേറ്റിൽ ബോർഡ് വെക്കാൻ നിർബന്ധിതമാകുന്ന അവസ്ഥ ഉണ്ടാകരുത്. യുദ്ധത്തിന്റെയും മറ്റു കെടുതികളുടെയും കാര്യം ഇരിക്കട്ടെ, സാധാരണഗതിയിൽതന്നെ സ്ത്രീയുടെ അംഗസംഖ്യ പുരുഷന്മാരുടേതിനെക്കാൾ കൂടുതലാണെന്ന് സെൻസസ് റിപ്പോർട്ടുകൾ കാണിക്കുന്നു. വനിതകളുടെ പെരുപ്പം ഉയർത്തിവിടുന്ന പ്രശ്നത്തിന് പരിഹാരം ഒന്നിലധികം ഭാര്യമാരെ നിയമാനുസൃതം സ്വീകരിക്കാൻ പുരുഷനെ അനുവദിക്കുകയാണല്ലോ.

(തുടരും)

# ധർമച്യുതിയിൽ നിന്ന് രക്ഷാമാർഗം, പ്രകൃതിതാത്പര്യത്തിനനുസൃതം

**ബഹുഭാര്യത്വം: മതം കല്പിച്ചതും സംവാദകർ പറയുന്നതും 2**

**കാന്തപുരം എ.പി. അബൂബക്കർ മുസ്ല്യാർ**

**പാ**ശ്ചാത്യ,യൂറോപ്യൻ നാടുകളിലെ തെരുവോരങ്ങളിൽ ഗതികെട്ട് അലയുന്ന വിവാഹമോചിതകളും വിധവകളും അത്യന്തം ദയനീയമായ ചിത്രമാണ്. പടിഞ്ഞാറിൻെറ സ്വതന്ത്ര്യലോകത്ത് സ്ത്രീസമൂഹം അനുഭവിക്കുന്ന ഇത്തരം കഷ്ടപ്പാട് കണ്ടാണ് ഡോ. മിസ് ആനിബസൻറ് 'ലൈഫ് ആൻഡ് ടീച്ചിങ്സ് ഓഫ് മുഹമ്മദ്' എന്ന ഗ്രന്ഥത്തിൽ ഇസ്ലാമിലെ ബഹുഭാര്യത്വത്തെ വാഴ്ത്തിപ്പറഞ്ഞത്.

രണ്ടാം ലോക മഹായുദ്ധത്തിൻെറ ഫലമായി വിധവകളും അനാഥശിശുക്കളും ജർമനിയിൽ കണക്കറ്റ രീതിയിൽ സൃഷ്ടിക്കപ്പെട്ടു. വിധവകളെ എന്നല്ല, കന്യകകളെത്തന്നെ വേൾക്കാനോ അനാഥശിശുക്കളെ പരിപാലിക്കാനോ ആളില്ലാതായി. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നതിനെക്കുറിച്ച് ആലോചിക്കാൻ 1958-ൽ മ്യൂണിക്കിൽ ചേർന്ന വേൾഡ് യൂത്ത് കോൺഫറൻസ് വിവിധ പരിഹാരങ്ങൾ ചർച്ച ചെയ്തശേഷം എത്തിച്ചേർന്നത് ബഹുഭാര്യത്വം നടപ്പാക്കണമെന്ന തീരുമാനത്തിലായിരുന്നു. അനാഥാവസ്ഥയിൽ പൊറുതികെട്ട വനിതകൾ, ബഹുഭാര്യത്വം അനുവദിച്ചുകൊണ്ട് നിയമം ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ട് ബോണിൽ പ്രകടനങ്ങൾ നടത്തുകയുണ്ടായി.

മുസ്ലിം പണ്ഡിതന്മാർ പറയട്ടെ: ''ഇസ്ലാമിലെ ബഹുഭാര്യത്വത്തെക്കുറിച്ച് ചിലർ വ്യാപകമായി കോലാഹലം നടത്തുകയാണ്. അത് സമൂഹത്തിൽ ഗുരുതരമായ ഭവിഷ്യത്ത് സൃഷ്ടിക്കുന്നുവെന്ന ആരോപണം ശരിയാണോ? ആരോപകർ ജർമനിയിലേക്ക് നോക്കുക. ഒരു യുവാവിന് മൂന്ന് യുവതികൾ എന്ന തോതിലാണ് ജനസംഖ്യ. ഈ പ്രശ്നത്തിന് എങ്ങനെയാണ് പ്രതിവിധി കാണുക? ഒന്നുകിൽ പുരുഷൻ ഒരു ഭാര്യയെ മാത്രം സ്വീകരിക്കുക. മറ്റു രണ്ടു യുവതികളും ദാമ്പത്യമെന്ത്, മാതൃത്വമെന്ത്, കുടുംബജീവിതമെന്ത് എന്നൊന്നും അറിയാതെ ജീവിക്കുക! അല്ലെങ്കിൽ ഒരുത്തിയെ വിവാഹം കഴിക്കുകയും മറ്റു രണ്ടുപേരെ കാമുകിമാരാക്കിവെക്കുകയും ചെയ്യുക. അവർക്ക് കുഞ്ഞും കുടുംബവും അപ്രാപ്യമായിരിക്കും. ഇനി മാതൃത്വം വേണമെങ്കിൽത്തന്നെ അത് അവിഹിതമായും അപമാനത്തോടെയും മാത്രം ലഭിക്കുന്നു. മൂന്നാമത്തെ പ്രതിവിധി ഒന്നിലധികം പേരെ ഒരാൾ വിവാഹം കഴിക്കുക. അവരെ മുഴുവൻ മഹനീയമായ പത്നി പദവിയിലേക്കും കുടുംബജീവിതത്തിൻെറ രക്ഷാബോധത്തിലേക്കും ഉയർത്തുക. സ്വന്തം ജീവിതത്തെ കുറ്റവിമുക്തമാക്കുക. സമൂഹത്തെ ധാർമിക അരാജകത്വത്തിൽനിന്നു രക്ഷിക്കുക. ഇതിൽ ഏതു പ്രതിവിധിയാണ് മനുഷ്യത്വത്തിനു ചേർന്നതും സ്ത്രീക്കുതന്നെ ആദരണീയവും പ്രയോജനപ്രദവും. *(ഉദ്ധരണം: അല്ലാമാ സ്വാബൂനി, റവാഇഉൽ ബയാൻ 1/431)*

ദാമ്പത്യകാര്യങ്ങളുടെ വിശകലനത്തിൽ ഒരു അതോറിറ്റി എന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രസിദ്ധ പാശ്ചാത്യ ചിന്തകനായ ഡോ. വെസ്റ്റർമാർക്കിൻെറ അഭിപ്രായത്തിൽ സാധാരണ ചുറ്റുപാടിൽപോലും മൂന്നും നാലും ശതമാനം സ്ത്രീകളെങ്കിലും ഏകാന്തവാസത്തിന് നിർബന്ധിതരാകുന്നുണ്ട്. സ്ത്രീപുരുഷ സംഖ്യാനുപാതത്തിലുള്ള ഏറ്റക്കുറച്ചിലാണ് ഇതിനു കാരണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഈ വിഭാഗത്തിൻെറ അവശതകൾ എങ്ങനെയാണ് പരിഹരിക്കുക.

നിയന്ത്രിതമായ ബഹുഭാര്യത്വം പ്രകൃതിയുടെതന്നെ താത്പര്യമാണ്. മനുഷ്യൻ ഇതുവരെ കണ്ട ഏതു നാഗരികതയിലും അത് ഒഴിവാക്കാനാവാത്ത ഘടകമായിരുന്നു. ബഹുഭാര്യത്വത്തെ കൈയൊഴിക്കണമെങ്കിൽ ഒന്നാമതായി മനുഷ്യനാഗരികതയുടെ മുഴുവൻ സ്വഭാവത്തെയും രണ്ടാമതായി മനുഷ്യപ്രകൃതിയെയും അന്തിമമായി ലോകപ്രകൃതിയെത്തന്നെയും മാറ്റിമറിക്കേണ്ടിവരും എന്ന് പടിഞ്ഞാറൻ ചിന്തകനായ ഡോ. ലാൻറ് പറയുന്നത് ശ്രദ്ധേയമാണ്.

അറുപതു വയസ്സിനു മുമ്പുതന്നെ സ്ത്രീയുടെ പ്രത്യുത്പാദനശേഷിയും ലൈംഗികചോദനകളും ക്ഷയിക്കുമ്പോൾ പുരുഷൻെറ വൈഷയിക താത്പര്യം ആരോഗ്യസ്ഥിതിയനുസരിച്ച് എത്രകാലം വരെയും നിലനിൽക്കും. അത്തരമൊരു സാഹചര്യത്തിൽ അയാൾ ജീവിതവിശുദ്ധി നിലനിർത്താൻ പ്രിയസഖിയോടൊപ്പം ആരോഗ്യമുള്ള മറ്റൊരു പങ്കാളിയെക്കൂടി സ്വീകരിക്കുന്നതാണ് ഭംഗി. പക്ഷേ, വീണ്ടും വീണ്ടും ചിന്തിക്കുകയും നീതിപൂർവം രണ്ടിണകളെയും പരിഗണിക്കുവാൻ സാധിക്കുമെങ്കിൽ മാത്രം രണ്ടാം വിവാഹം ആകാവുന്നതുമാണ്.

സമൂഹത്തെ ധർമച്യുതിയിൽനിന്നു കരകയറ്റാനുള്ള പവിത്രമായ ഒരുപാധികൂടിയാണ് ബഹുഭാര്യത്വം എന്ന് വിവക്ഷിക്കുന്നതിൽ തെറ്റില്ല. നിയമാനുസൃതം ഭർതൃമതികളാകാൻ കഴിയാത്തവർ അനാശാസ്യമാർഗങ്ങളിലേക്ക് തിരിയുന്നു. തത്ഫലമായി ലൈംഗിക അരാജകത്വവും ജാരസന്തതികളും പെരുകുന്നു. ധാർമിക പ്രശ്നങ്ങൾ തലപൊക്കുന്നു.

അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ പാശ്ചാത്യ യൂറോപ്യൻ നാടുകളിൽ നിയമാനുസൃത ബഹുഭാര്യത്വമില്ലെങ്കിലും അവിഹിത ബഹുഭാര്യത്വം നിലനിൽക്കുന്നുണ്ട്. അമേരിക്കയിൽ മാത്രം പ്രതിവർഷം അഞ്ചുലക്ഷത്തിലധികം ജാരശിശുക്കൾ പിറക്കുന്നുണ്ടത്രെ (മനാറുൽ ഇസ്ലാം മെയ് 1985). തെരുവിൽ ജനിക്കുന്ന ഈ മനുഷ്യജീവികൾ ഉയർത്തുന്ന സാമൂഹികപ്രശ്നത്തെ ലളിതവത്കരിക്കാനാവുമോ?

**സമൂഹത്തെ ധർമച്യുതിയിൽനിന്നു കരകയറ്റാനുള്ള പവിത്രമായ ഒരുപാധികൂടിയാണ് ബഹുഭാര്യത്വം എന്ന് വിവക്ഷിക്കുന്നതിൽ തെറ്റില്ല. നിയമാനുസൃതം ഭർതൃമതികളാകാൻ കഴിയാത്തവർ അനാശാസ്യമാർഗങ്ങളിലേക്ക് തിരിയുന്നു. തത്ഫലമായി ലൈംഗിക അരാജകത്വവും ജാരസന്തതികളും പെരുകുന്നു. ധാർമിക പ്രശ്നങ്ങൾ തലപൊക്കുന്നു**

ഡോ. ആനിബസൻറ് പറയുന്നു: ''ബഹുഭാര്യത്വം അനുവദിക്കുന്ന കാരണംകൊണ്ട് ഇസ്ലാം ചീത്തയായെന്നു ചിലർ പറയുന്നു. ലണ്ടനിലെ ഒരു ഹാളിൽ എനിക്ക് ഈ വിഷയത്തെപ്പറ്റി എൻെറ അഭിപ്രായം പ്രകടിപ്പിക്കേണ്ടിവന്നു. ഇംഗ്ലണ്ടിലെ പല ജനങ്ങളും പ്രത്യക്ഷമായി ഏകപത്നീവ്രതക്കാരും അതേയവസരത്തിൽ സ്വകാര്യമായി മറ്റു സ്ത്രീകളുമായി വ്യഭിചാരത്തിൽ ഏർപ്പെടുന്നവരുമാണെന്ന് ഞാൻ തുറന്നു പറഞ്ഞു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇസ്ലാമിലെ നിയമങ്ങൾ ഏറ്റവും സ്തുത്യർഹങ്ങളാണ്. സ്വത്ത്, അനന്തരാവകാശം, വിവാഹമോചനം മുതലായവയെ സംബന്ധിച്ചുള്ള വിഷയങ്ങളിൽ പാശ്ചാത്യരാജ്യങ്ങളിലെ നിയമങ്ങളേക്കാൾ ഇസ്ലാമിലെ നിയമങ്ങൾ ശ്രേഷ്ഠമാണ്.'' *(ദി ലൈഫ് ആൻഡ് ടീച്ചിങ്സ് ഓഫ് മുഹമ്മദ്, മാക്രാസ്, ജൂൺ 1932 പേജ് 3).*

യൂറോപ്യൻ ഗ്രന്ഥകാരനായ ക്ലേർ മാക്ഫെർലെയിൽ ചൂണ്ടിക്കാട്ടുന്നു: ''ബഹുഭാര്യത്വം സാമൂഹികമായും സാന്മാർഗികമായും മതപരമായും വീക്ഷിച്ചാൽ നാഗരികതയുടെ എത്ര സമുന്നതമായ മാനദണ്ഡം വെച്ചുനോക്കിയാലും അപരിഷ്തമല്ല. അനാഥകളും ആലംബഹീനരും അവഗണിക്കപ്പെട്ടവരുമായ സ്ത്രീകളുടെ പ്രശ്നത്തിന് ബഹുഭാര്യത്വം പ്രായോഗികമായ ഒരു പരിഹാരമാണ്. ബഹുഭാര്യത്വം നിഷേധിക്കുന്ന സമൂഹത്തിൽ വ്യഭിചാരവും നിരാശയോടെ ജീവച്ഛവമായി കഴിയുന്ന അവിവാഹിതകളും വർധിക്കുമെന്നുറപ്പാണ് *(ദി കേസ് ഓഫ് പോളോഗമി, നോൺഡൻ, 1934, പേജ് 30).*

ഒന്നിലധികം പത്നിമാരെ സ്വീകരിക്കുന്ന സാഹചര്യവും അവസ്ഥയും ഇതര മതങ്ങളിലും ഭൗതികസിദ്ധാന്തങ്ങളിലും നിലവിലുണ്ട്. ഇസ്ലാമിലെ ബഹുഭാര്യത്വത്തിൻെറ പ്രത്യേകത അതു നിയന്ത്രിതമാണ് എന്നതാണ്. ഹൈന്ദവപുരാണങ്ങളിൽ പറയുന്നതനുസരിച്ച്, അവർക്കിടയിൽ ബഹുഭാര്യത്വത്തിന് അതിരുകളില്ല. ഭൗതിക സമൂഹങ്ങളിലാണെങ്കിൽ ഭാര്യ എന്ന പ്രശ്നംതന്നെയില്ല. പുരുഷന് ഏത് സ്ത്രീയും അവകാശപ്പെട്ടതാണ്. ജലാശയത്തിലെ തെളിനീരുപോലെ! ആർക്കും എപ്പോൾ വേണമെങ്കിലും അനുവാദമില്ലാതെതന്നെ ഉപയോഗിക്കാം. അനിയന്ത്രിതമായ സമ്പ്രദായം സ്ത്രീയോട് ചെയ്യുന്ന ഏറ്റവും കൊടിയ ദ്രോഹവും അവഹേളനവുമാണ്. സമൂഹത്തിൻെറ ഭദ്രതയും സദാചാര അസ്തിവാരവും അത് തകർത്തുകളയും.

ഡോ. മുസ്തഫസ്സബാഇയുടെ വാക്കുകൾ: ''ഇസ്ലാം തുടങ്ങിവെച്ച ഒരു ദുരാചാരമെന്ന നിലയ്ക്കാണ് ബഹുഭാര്യാത്വത്തെപ്പറ്റി തത്പരകക്ഷികൾ പറയുന്നത്. യഥാർഥത്തിൽ പ്രാക്തനസമൂഹങ്ങളിൽ നിലനിന്നുപോന്ന ചിര പുരാതന ആചാരമാണിത്. ഇസ്ലാം അതിനു നിയന്ത്രണം ഏർപ്പെടുത്തുകയാണുണ്ടായത്. പുരാതന അഥീനിയന്മാർ, ചൈനക്കാർ, ഭാരതീയർ, ബാബിലോണിയക്കാർ, ഈജിപ്തുകാർ എന്നിവരിലൊക്കെ ബഹുഭാര്യാസംവിധാനം ഉണ്ടായിരുന്നു. ചൈനയിലെ നിയമസംഹിത നൂറ്റിമുപ്പത് ഭാര്യമാരെവരെ അനുവദിച്ചിരുന്നു. ഒരു ചൈനീസ് ചക്രവർത്തിക്ക് മുപ്പതിനായിരം ഭാര്യമാരുണ്ടായിരുന്നുവത്രെ.

ജൂതമതം നിയന്ത്രണമേതുമില്ലാതെ ബഹുഭാര്യത്വം അനുവദിച്ചിരുന്നു. ബഹുഭാര്യത്വം വിലക്കിക്കൊണ്ടുള്ള പരാമർശമൊന്നും ബൈബിളിൽ കാണാൻ കഴിയുകയില്ല. പ്രാചീന ക്രൈസ്തവരിൽ ബഹുഭാര്യാസമ്പ്രദായം ഉണ്ടായിരുന്നുവെന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. ഏഴാം നൂറ്റാണ്ടുവരെയും ചർച്ചിൻെറ അനുമതിയോടെ ബഹുഭാര്യത്വം നിലനിന്നിരുന്നതായി ദാമ്പത്യചരിത്രത്തിലെ ആധികാരിക പണ്ഡിതനായ വെസ്റ്റർമാർക് രേഖപ്പെടുത്തിയിട്ടുണ്ട്. ചർച്ചിനോ ഭരണകൂടത്തിനോ നിർണയിക്കാൻ കഴിയാത്തത്ര അധികമായിരുന്നു അത്. *(അൽ അഖാദ്, ഹഖാഇഖുൽ ഇസ്ലാം 177).*

ക്രിസ്ത്യാനികൾക്കിടയിൽ വെപ്പാട്ടി സമ്പ്രദായവും നിലനിന്നിരുന്നു. *(ഡോ. മുസ്തഫസ്സബാഇ, അൽ മർഅതു ബൈനൽ ഫിഖ്ഹി വൽ ഖാനൂൻ 71, 72).* ബഹുഭാര്യത്വം നിയന്ത്രണമേതുമില്ലാതെയാണ് യഹൂദന്മാർക്കിടയിൽ നിലനിന്നുപോന്നത്. ''ജൂതന്മാർക്കിടയിൽ ഏതു സാഹചര്യത്തിലും ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ പുരുഷന് അനുമതിയുണ്ടായിരുന്നു.'' *(എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക 18/186).*

മധ്യനൂറ്റാണ്ടുകളിൽ ക്രിസ്ത്യൻ മതാധ്യക്ഷന്മാർ ബഹുഭാര്യത്വത്തെ അംഗീകരിച്ചിരുന്നു. അതൊരു നിയമാനുസൃത നടപടിയായി നിലനിൽക്കുകയും ചെയ്തു.'' ബഹുഭാര്യത്വം അനുവദിക്കപ്പെട്ടിട്ടും മുസ്ലിങ്ങളിൽ അതു കുറവായിരുന്നു എന്ന വസ്തുത നിഷ്പക്ഷമതികൾ സമ്മതിച്ചിട്ടുണ്ട്. പ്രമുഖ പാശ്ചാത്യ എഴുത്തുകാരനായ വില്യം കെല്ലി റൈറ്റിൻെറ വാക്കുകൾ: ''യാഥാർഥ്യം മനസ്സിലാക്കിയാൽ എല്ലാകാലങ്ങളിലും മുഹമ്മദീയരിൽ ബഹുഭൂരിപക്ഷത്തിനും ഏകപത്നീവ്രതമേ ഉണ്ടായിരുന്നുള്ളൂ എന്നുകാണാം.'' *(വില്യം കെല്ലി റൈറ്റ്, ഫിലോസഫി ഓഫ് റിലീജ്യസ്, ന്യൂയോർക്ക് 1935, പേജ് 508).*

(തുടരും)

# മതനിയമങ്ങൾക്കുകീഴിൽ മാത്രം ബഹുഭാര്യത്വം

ബഹുഭാര്യത്വം: മതം കല്പിച്ചതും സംവാദകർ പറയുന്നതും **3**

**കാന്തപുരം എ.പി. അബൂബക്കർ മുസ്‌ല്യാർ**

ഇന്ത്യയിലും ബഹുഭാര്യത്വം അനുവദിക്കപ്പെട്ടിട്ടും മുസ്‌ലിംകളിൽ അത് താരതമ്യേന കുറവാണെന്നതാണ് വസ്തുത. ഈ സമ്പ്രദായം നിഷിദ്ധവും പാപവുമായി കരുതുന്ന ചില സമുദായങ്ങളിൽ ഇത് മുസ്‌ലിംകളിലേതിനെക്കാൾ കൂടുതലാണെന്ന കണ്ടെത്തൽ ആശ്ചര്യകരമായിരിക്കുന്നു. 1961ലെ ഇന്ത്യൻ സെൻസസിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഒരു പഠനത്തിൽ മിക്ക സമുദായങ്ങളിലും ഒരു പരിധിവരെ ഇപ്പോഴും ബഹുഭാര്യത്വം നിലനിൽക്കുന്നുണ്ടെന്നാണ് തെളിഞ്ഞത്. 1951–60 കാലയളവിൽ ഇന്ത്യയിലെ ഹിന്ദുക്കളിൽ നടന്ന വിവാഹങ്ങളിൽ 5.06 ശതമാനവും ബഹുഭാര്യത്വമായിരുന്നുവെങ്കിൽ ഇതേ കാലയളവിൽ മുസ്‌ലിംകൾക്കിടയിലെ വിവാഹങ്ങളിൽ ബഹുഭാര്യത്വം 4.31 ശതമാനം മാത്രമായിരുന്നു. ''ഹിന്ദുക്കളുടെ ഇടയിലെ ബഹുഭാര്യത്വം നിരോധിക്കുകയും അതൊരു ക്രിമിനൽ കുറ്റമാക്കുകയും ചെയ്തുകൊണ്ട് നിയമം പാസ്സാക്കിയിട്ട് ഇരുപത് വർഷങ്ങൾ കഴിഞ്ഞിട്ടും അവർക്കിടയിൽ ഈ ആചാരത്തെ പാടേ ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത സമ്മതിക്കുന്നതിൽ ഞങ്ങൾക്കു കുണ്ഠിതമുണ്ട്. (ഇന്ത്യൻ സ്ത്രീകളുടെ പദവിയെ സംബന്ധിച്ച് ഭാരത സർക്കാറിന്റെ വിദ്യാഭ്യാസ മന്ത്രാലയം 1974–ൽ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽനിന്ന്).

അനിയന്ത്രിത ബഹുഭാര്യത്വം കൊടികുത്തി വാഴുന്ന സാഹചര്യമായിരുന്നു സമൂഹത്തിലുണ്ടായിരുന്നത്. തടിമിടുക്കുള്ളവർ യഥേഷ്ടം സ്ത്രീകളെ കൈയടക്കിവെച്ചു. പിതാവ് മരിച്ചാൽ അയാളുടെ ഭാര്യമാരെ അനന്തരസ്വത്തായി മക്കൾ–മിക്കവാറും മൂത്തമകൻ– സ്വന്തമാക്കി. സ്ത്രീകളെ പുരുഷന്മാർ യാതൊരു നിയന്ത്രണവുമില്ലാതെ ഉപഭോഗവസ്തുക്കളാക്കിയിരുന്ന സമൂഹത്തിന്റെ ചിത്രം 'സബ്ഉൽ മുഅല്ലഖാത്ത്' എന്ന വിഖ്യാത അറബി കാവ്യങ്ങളിൽ കാണാം. ഈ സമൂഹത്തിലാണ് നിയന്ത്രിത ബഹുഭാര്യത്വം ഏർപ്പെടുത്തി ഇസ്‌ലാം സ്ത്രീസമൂഹത്തിന്റെ രക്ഷയ്ക്കെത്തിയത്. ഭാര്യമാരുടെ എണ്ണം നാലെങ്കിലുമാക്കി ചുരുക്കാൻ മുഹമ്മദ് നബി(സ) കല്പിച്ചു. പത്തും എട്ടും അഞ്ചുമൊക്കെ പത്നിമാരുണ്ടായിരുന്നവർ ഈ കല്പനയനുസരിച്ച് നാലുപേരൊഴികെ മറ്റുള്ളവരെ തലാഖ് ചൊല്ലി.

ഇസ്‌ലാം ആശ്ലേഷിച്ചപ്പോൾ അഞ്ച് ഭാര്യമാരുണ്ടായിരുന്ന നൗഫൽ ഇബ്നു മുആവിയയും എട്ട് ഭാര്യമാരെ വെച്ചിരുന്ന ഉമൈറത്തുൽ അസദിയും പത്തു ഭാര്യമാരുണ്ടായിരുന്ന ഗൈലാനുബ്നു സലമയുമെല്ലാം നാലുപേരെ മാത്രം നിർത്തി ശേഷിച്ചവരെ ഒഴിവാക്കിയവരാണ്.

മതം വളരെ സൂക്ഷ്മതയോടെ പാലിക്കാൻ കല്പിച്ചതാണ് ബഹുഭാര്യത്വം, ഇത് നിർബന്ധിത ശാസനയല്ല, സാഹചര്യത്തിന്റെ ആനുകൂല്യം മാത്രമാണ്. ഈ സൗകര്യം ദുരുപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ അത് നിയമത്തിന്റെയോ മതത്തിന്റെയോ പാകപ്പിഴയല്ല. ഇസ്‌ലാം പ്രത്യേക സാഹചര്യത്തിൽ അനുവദിച്ച ഇളവ് ദുരുപയോഗപ്പെടുത്തുന്നവർ ഇസ്‌ലാമിന്റെ മുന്നിൽത്തന്നെ കുറ്റവാളികളാകുന്നു.

ഇസ്‌ലാം അനുശാസിച്ച മതവിധികൾ, സ്വീകരിക്കണോ വേണ്ടയോ എന്നു തീരുമാനിക്കാൻ വ്യക്തികൾക്ക് അവകാശമുണ്ട്. സ്വീകരിക്കുന്നോ നിരാകരിക്കുന്നോ എന്നതല്ല മുഖ്യ വിഷയം. മതം പറഞ്ഞ കാര്യങ്ങൾ നിർഭയം വെളിപ്പെടുത്തലാണ്. മതവിധിക്കു മുന്നിൽ മൗനം ദീക്ഷിക്കാൻ എന്തായാലും എനിക്കാവില്ല. എന്നെ മഥിക്കുന്ന സംസ്കാരവും സന്ദേശവും മുഹമ്മദ് നബി(സ) പഠിപ്പിച്ചു പകർന്നുതന്ന മതത്തിന്റെ ബാലാധ്യാപനങ്ങളാണ്. സത്യം കൈപ്പേറിയതാണെങ്കിലും അതുറക്കെ പറയണമെന്നാണ് മതശാസന.

ബഹുഭാര്യത്വം ഇസ്‌ലാമിന്റെ നിർബന്ധശാസനയല്ല. അതിനു പ്രേരിപ്പിച്ചിട്ടുമില്ല. അനുമതി നൽകുക മാത്രമേ ചെയ്തിട്ടുള്ളൂ. സ്നേഹനിധിയായ ഒരു ഉത്തമകുടുംബിനിയെക്കൊണ്ട് അനുഗൃഹീതനായ ഭർത്താവ് ഒരിക്കലും ആ പെൺകൊടിയുടെ മനം തകർക്കരുത്. ആവശ്യമില്ലാതെ മറ്റൊരുത്തിയെ കൂടെ വേൾക്കുന്നതുതന്നെ അവളുടെ മനസ്സ് തകർക്കുന്ന കാര്യമാണ്. ഇക്കാലത്ത് രണ്ടാം വിവാഹം ആദ്യകുടുംബത്തെ തകർക്കലായി മാറിയിട്ടുണ്ട്. അത്തരമൊരു കൃത്യത്തിന് ഒരുമ്പെടുമ്പോൾ ഏറെ സൂക്ഷ്മത പുലർത്തുകയും ആലോചിക്കുകയും വേണം.

പത്നി ഖദീജ(റ) ജീവിച്ചിരുന്നപ്പോൾ മറ്റൊരാളെ പ്രവാചകർ(സ) വിവാഹം കഴിക്കുകയുണ്ടായില്ല. അവരുടെ വിയോഗാനന്തരമാണ് മറ്റു വിവാഹങ്ങൾ ചെയ്തത്. വിധവാസംരക്ഷ

> **ഇസ്‌ലാം അനുശാസിച്ച മതവിധികൾ, സ്വീകരിക്കണോ വേണ്ടയോ എന്നു തീരുമാനിക്കാൻ വ്യക്തികൾക്ക് അവകാശമുണ്ട്. സ്വീകരിക്കുന്നോ നിരാകരിക്കുന്നോ എന്നതല്ല മുഖ്യവിഷയം**
>
> * * * *
>
> **ഭാര്യയെ ദ്രോഹിക്കുക, കഷ്ടപ്പെടുത്തുക, അവളോട് പ്രതികാരം ചെയ്യുക തുടങ്ങിയ പദങ്ങളൊന്നും ഇസ്‌ലാമിക ദാമ്പത്യനിയമത്തിൽ കാണില്ല. നല്ല രീതിയിൽ ഒന്നിച്ചുകഴിയുക, അല്ലെങ്കിൽ നല്ല രീതിയിൽത്തന്നെ വേർപിരിയുക എന്നതാണ് മതത്തിന്റെ പ്രഖ്യാപിത തത്ത്വം**

ണവും നിലവിലെ പ്രത്യേക സാഹചര്യവും പരിഗണിച്ചായിരുന്നു തിരുനബിയുടെ വിവാഹങ്ങൾ.

പുരുഷന് ഒന്നിലധികം സ്ത്രീകളെ വേൾക്കാമെങ്കിൽ ഒന്നിലധികം ഭർത്താക്കന്മാരെ സ്വീകരിക്കാൻ സ്ത്രീക്കും സ്വാതന്ത്ര്യം നൽകേണ്ടതല്ലേ എന്ന് വിമർശകർ ചോദിക്കുന്നു. കുടുംബഭദ്രതയ്ക്കുതന്നെ ഇതു നിരക്കുന്നില്ലെന്നു മാത്രമല്ല, സ്ത്രീയുടെ പ്രകൃതിക്കുതന്നെ വിരുദ്ധവുമാണ്. ബഹുഭാര്യത്വം പുരുഷന്റെ പ്രകൃതിക്ക് അനുയോജ്യവും അഭികാമ്യവുമാണെങ്കിൽ സ്ത്രീയുടെ ബഹുഭർതൃത്വം ഒരു വ്യാമോഹം മാത്രമാകുന്നു. ഗർഭധാരണമുണ്ടായാൽ ഏതു പുരുഷന്റേതാണെന്ന് തിരിച്ചറിയാതെ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കും. അതുകൊണ്ട് സ്ത്രീയിൽ ബഹുഭർതൃത്വാസക്തി സൃഷ്ടിക്കുന്നത് പ്രകൃതിസംബന്ധിച്ച് പാഴ്‌വേലയായിരിക്കും. പുരുഷന്റെ ബഹുഭാര്യത്വം ജീവശാസ്ത്രപരമായി ന്യായീകരിക്കാവുന്നതാണുതാനും.

ഒന്നിലധികം സ്ത്രീകളെ ജീവിതപങ്കാളിയായി സ്വീകരിക്കുന്നവന് യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത ബാധ്യതയാണ് അവർക്കിടയിലുള്ള എല്ലാ വിഹിതങ്ങളിലും തുല്യത പുലർത്തുകയെന്നത്. ജീവിതവിഭവങ്ങളിൽ തുല്യത പുലർത്തിയാൽത്തന്നെ മനസ്സുകൊണ്ട് സ്നേഹത്തിൽ തുല്യത നിലനിർത്താൻ കഴിഞ്ഞുകൊള്ളണമെന്നില്ല.

അതുകൊണ്ട് ഭർത്താവ് ഉണ്ടാവുകയും ഫലത്തിൽ ഭർത്താവില്ലാത്തവളെപ്പോലെയാവുകയും ചെയ്യുന്ന അവസ്ഥ ഭാര്യമാരിൽ ആർക്കും വന്നുപോകരുത്. ഒരാളുടെ ഭാര്യയായിരിക്കുന്നിടത്തോളം മറ്റൊരാളെ ഭർത്താവായി സ്വീകരിക്കാൻ പറ്റാത്ത അവസ്ഥയാണ്. അതേസമയം ഇയാൾ കടപ്പാടുകൾ നിർവഹിക്കുന്നുമില്ല എന്ന അവസ്ഥ വന്നുചേരും. കുടുംബ, ധാർമിക പ്രശ്നങ്ങൾക്ക് അതു വഴിവെക്കും. ഭർത്താവിനെ അവൾക്ക് മതിയാകാതെ വരികയോ, അതല്ലെങ്കിൽ പീഡിപ്പിക്കപ്പെടുകയോ ചെയ്യുന്ന പക്ഷം 'ഫസ്ഖ്'ലൂടെ വിവാഹമോചനം തേടാൻ സ്ത്രീക്ക് അനുവാദവുമുണ്ട്. പത്നിമാർക്കിടയിൽ നീതിപുലർത്തുന്നതിൽ തിരുനബി അത്യന്തം സൂക്ഷ്മത പുലർത്തിയിരുന്നു, ജീവിതവിഭവങ്ങൾ നൽകുന്നതിലും ദിവസങ്ങൾ ഭാഗിക്കുന്നതിലുമെല്ലാം. എന്നിട്ടും സ്നേഹത്തിൽ ഏറ്റക്കുറച്ചിലുകൾ വന്നുപോയിരിക്കുമോ എന്ന കാര്യത്തിൽ അവിടന്ന് ഉത്കണ്ഠ പ്രകടിപ്പിക്കുമായിരുന്നു. സ്നേഹം അളന്നുമുറിച്ച് വീതിക്കാൻ കഴിയുകയില്ലല്ലോ.

ഭാര്യമാർക്കിടയിൽ നീതിപുലർത്താൻ കഴിയുമെന്നുറപ്പില്ലാത്തവർ ഒന്നിലധികം പേരെ വിവാഹം കഴിക്കാൻ തുനിയേണ്ട എന്നാണ് ഖുർആന്റെ പ്രഖ്യാപനം. ഒരു ഭാര്യയോടുള്ള വിരോധം തീർക്കാൻ വേണ്ടി അവളെ കഷ്ടപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ മറ്റൊരുവളെ വേൾക്കാൻ പാടില്ല. അവരിരുവരോടും ഒരുപോലെ അവൻ നീതി പുലർത്തുകയില്ല എന്നു വ്യക്തമാണല്ലോ. ഭാര്യയെ ദ്രോഹിക്കുക, കഷ്ടപ്പെടുത്തുക, അവളോട് പ്രതികാരം ചെയ്യുക തുടങ്ങിയ പദങ്ങളൊന്നും ഇസ്‌ലാമിക ദാമ്പത്യ നിയമത്തിൽ കാണില്ല. നല്ല രീതിയിൽ ഒന്നിച്ചുകഴിയുക, അല്ലെങ്കിൽ നല്ല രീതിയിൽത്തന്നെ വേർപിരിയുക എന്നതാണ് മതത്തിന്റെ പ്രഖ്യാപിത തത്ത്വം. ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചിട്ട് അവരിൽ ചിലരെ കഷ്ടപ്പെടുത്തുന്നുവെങ്കിൽ അയാളുടെ ബഹുഭാര്യത്വം തന്നെ ഖുർആനിന്റെ വിളംബരമനുസരിച്ച് കുറ്റകരമാകുന്നു.

യാതൊരു നിയമവും പാലിക്കാതെ ബഹു ഭാര്യത്വവും മൊഴിചൊല്ലലും എന്ന ഏർപ്പാട് ഇസ്‌ലാം അനുവദിച്ചിട്ടില്ല. മതനിയമങ്ങൾ വ്യക്തമായി പാലിക്കാൻ മതത്തിന്റെ മേൽവിലാസമുള്ളവർ പ്രത്യേകിച്ചും മറ്റുള്ളവർ പൊതുവിലും ഉത്സാഹിക്കണം. പഠനങ്ങളും താരതമ്യ പഠനങ്ങളും എപ്പോഴും നല്ലതാണ്. അന്ധമായ വിരോധങ്ങളും ആരോഗ്യകരമല്ലാത്ത വിമർശനങ്ങളും കൊണ്ട് മത തത്ത്വങ്ങൾ നശിക്കുകയില്ല. പ്രകൃതിയെ സൃഷ്ടിച്ച് ക്രമപ്പെടുത്തിയ സ്രഷ്ടാവായ അല്ലാഹു ആണിനേയും പെണ്ണിനേയും വ്യത്യസ്ത പ്രകൃതത്തിൽ സൃഷ്ടിച്ചു. ആരോടും പക്ഷപാതിത്വം കാണിച്ചിട്ടില്ല. ദുർബലയായ സ്ത്രീയെ രക്ഷിക്കാൻ പുരുഷനെ ഏല്പിച്ചു. അവൾക്ക് ക്ഷീണമുണ്ടാകാതെ വളരെ അനിവാര്യ ഘട്ടങ്ങളിൽ അവൻ രണ്ടാം ഭാര്യയെ സ്വീകരിക്കേണ്ടിവന്നാൽ അതിൽ തെറ്റില്ല. മറിച്ച് ചിലപ്പോൾ അത് അനിവാര്യമായിവരും. ബഹുഭാര്യത്വം അനുവദനീയമാണെന്ന് പറയുന്നതിന്റെ അർഥം ഇതു മാത്രമാകുന്നു. സമുദായത്തിൽ അസ്വാരസ്യങ്ങളോ പരാജയങ്ങളോ കുടുംബശൈഥില്യങ്ങളോ സംഭവിക്കുന്നുവെങ്കിൽ അതിനുത്തരവാദി, ധർമം നിർവഹിക്കാത്ത സമൂഹാംഗങ്ങൾ തന്നെയാകുന്നു.

(അവസാനിച്ചു)